Break the chain

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :21/07/2020
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - പ്രൊബേഷൻ ആഫ്റ്റർ കെയർ പ്രോഗ്രാം - തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം - അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്റ്റ് 1958 ( റൂൾ 1960 )

2. സ.ഉ. ( സാ ധാ ) നം. 260/2020/സാ.നീ.വ തീയതി. 20/06/2020

സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കളുടെ വിവാഹം ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചുകൊണ്ട് സൂചന ( 2 ) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30000/- രൂപാ നിരക്കിൽ 20 പേർക്ക് 600000/- രൂപാ ( ആറ് ലക്ഷം രൂപാ മാത്രം ) 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്.

ആയതിൻറെ അടിസ്ഥാനത്തിൽ, നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിനു താഴെപ്പറയും പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

## മാർഗ്ഗനിർദേശങ്ങൾ

1. അതാത് ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷണർ ഓഫീസർമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. ജയിൽ സൂപ്രണ്ടുമാർ മുഖേന ലഭിക്കുന്ന അപേക്ഷകളിൻമേൽ അതാത്

# തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

1. വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്ന പെൺകുട്ടിയുടെ പേരും വിലാസവും :

2. തടവുശിക്ഷ അനുഭവിക്കുന്നയാളുടെ പേര്/ പൂർണമായ വിലാസം/ പഞ്ചായത്ത്/ബ്ലോക്ക്/ജില്ല :

3. അപേക്ഷകയുമായുള്ള ബന്ധം :
4. തടവിൽ കഴിയുന്ന ജയിലിൻറെ പേര് :

5. ശിക്ഷാ കാലയളവും ജയിലിൽ പ്രവേശിച്ച തീയതിയും ( ജയിൽ സൂപ്രണ്ടിൻറെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് ) :

6. ശിക്ഷിച്ച കോടതിയുടെ പേരും, കേസിൻറെ നമ്പരും :

7. പെൺകുട്ടിയുടെ ജനനത്തീയതി, വയസ്സ് :
8. അപേക്ഷകയുടെ ഫോൺ നമ്പർ :
9. അപേക്ഷക ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളാണോ ( റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം ) :

10. വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടുണ്ടോ :

11. ധനസഹായം ലഭിക്കേണ്ട ആളുടെ പേരും

വിലാസവും ( മാതാവ്/പിതാവ്/മകൾ ) :

12.ബാങ്ക് അക്കൗണ്ട് നമ്പർ :
13.ഐ.എഫ്.എസ്.സി കോഡ് :
14.ബാങ്കിൻറെ പേര്, ബ്രാഞ്ച് :

അപേക്ഷകൻറെഒപ്പ്

**അപേക്ഷ സ്വീകരിക്കൽ**

1. അതാത് ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷണർ ഓഫീസർമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. ജയിൽ സൂപ്രണ്ടുമാർ മുഖേന ലഭിക്കുന്ന അപേക്ഷകളിൻമേൽ അതാത് പ്രൊബേഷണർ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
3. പ്രൊബേഷണർ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന അപേക്ഷയിൽ അതാത് ജയിൽ സൂപ്രണ്ടുമാരുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്.
4. ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ടു പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കാവുന്നതാണ്.

**അപേക്ഷയിൻമേലുള്ള തുടർനടപടി**

1. ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷണർ ഓഫീസർമാർ അപേക്ഷകൾ പരിഗണിച്ച് ശുപാർശ സഹിതം സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനസഹായം ആർക്ക് നൽകണം എന്നുള്ളത് ( മാതാവ്/പിതാവ്/മകൾ ) അതാത് പ്രൊബേഷണർ ഓഫീസർമാരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തീരുമാനിക്കുന്നതാണ്.
3. ധനസഹായം ഒറ്റത്തവണയായി അർഹതപ്പെട്ട വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

**നിബന്ധനകൾ**

1. വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ് /മാതാവ് രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന ആളായിരിക്കണം.
2. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. ( റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം )

3. ജയിൽ അന്തേവാസിയുടേയും പെൺകുട്ടിയുടേയും പേരുകൾ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൾ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.
4. വിവാഹം കഴിഞ്ഞ് ആറുമാസത്തിനു ശേഷമോ ഒരു വർഷത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.
5. അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം.
6. അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ചുതാമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ ( വാർഡ് മെമ്പർ / കൗൺസിലർ ) സാക്ഷ്യപത്രം ഹാജരാക്കണം.
7. വിവാഹ ധനസഹായം ഒരിക്കൽ അനുവദിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.